# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി8/426/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി8/426/22 തീയ്യതി: 23/03/2022

## കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 04-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്യാരിലാൽ.ടി.സി | ജോയിന്റ് ഡയറക്ടർ | 05-03-2022 | 11-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-03-2022 | 11-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീജ തെക്കൻ ഓഡിറ്റ് ഓഫീസർ

ശ്രീ .ഇ.വി ഹരി ഓഡിറ്റ് ഓഫീസർ

ശ്രീമതി .ദിശ .ആർ.കെ അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.രാമദാസ് എം അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.അബ്ദുൾനസീർ ടി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി . ലത ടി.കെ സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ബിജിൻ പി ജേക്കബ് | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി റംല ഒ.കെ.എം | പ്രസിഡന്റ് | 01-04-2020 | 23-11-2020 |
| ശ്രീ തോമസ് (ബാബു)കളത്തൂർ | പ്രസിഡന്റ് | 01-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ചിത്ര വാസു | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ അഷറഫ് കല്ലടയിൽ | അസി.എഞ്ചിനീയർ(ഇൻചാർജ്ജ്) | 01-04-2020 | 02-04-2020 |
| ശ്രീമതി ഐശ്വര്യ പി | അസി.എഞ്ചിനീയർ (ഇൻചാർജ്ജ്) | 03-04-2020 | 22-06-2020 |
| ശ്രീമതി ജീന കെ | അസി.എഞ്ചിനീയർ(ഇൻചാർജ്ജ്) | 23-06-2020 | 30-06-2020 |
| ശ്രീ അഷറഫ് കല്ലടയിൽ | അസി.എഞ്ചിനീയർ(ഇൻചാർജ്ജ്) | 01-07-2020 | 07-08-2020 |
| ശ്രീമതി ജീന കെ | അസി.എഞ്ചിനീയർ(ഇൻചാർജ്ജ്) | 08-08-2020 | 05-10-2020 |
| ശ്രീ അനിതു ദേവ് | അസി.എഞ്ചിനീയർ | 06-10-2020 | 31-03-2021 |
| ശ്രീ ഷൈലേഷ് ഐ.പി | എസ്.സി ഡെവലപ്മെന്റ് ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ കേശവനുണ്ണി | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 01-04-2020 | 31-03-2021 |
| ഡോ കെ കെ അബ്ദുറഹ്മാൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ ഫൈസൽ കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ഇൻചാർജ്ജ്) | 01-04-2020 | 10-05-2020 |
| ശ്രീമതി ലേഖ കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 11-05-2020 | 31-03-2021 |
| ശ്രീ മിഥുൻ ആനന്ദ് | ഇൻസ്റ്റിയൽ എകസ്റ്റൻഷൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി ടി ഗീത | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി പൗളി ജോസഫ് | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2020 | 27-10-2020 |
| ശ്രീമതി ടി ഗീത | ശിശുവികസന പദ്ധതി ഓഫീസർ(ഇൻചാർജ്ജ്) | 27-10-2020 | 02-12-2020 |
| ശ്രീമതി ശ്രീലത എസ് | ശിശുവികസന പദ്ധതി ഓഫീസർ | 03-12-2020 | 31-03-2021 |
| ശ്രീ ഷമീർ എ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി റെജിമോൾ ജോർജ്ജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി -24/11/20 മുതൽ 31/12/2020 വരെ

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: T.K.Latha (Senior Grade Auditor, On 08-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-2 |
| 3 | വാർഷിക കണക്ക് - അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )<br>Written By: T.K.Latha (Senior Grade Auditor, On 08-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 22-03-2022) | 1-5 |
| 7 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: T.K.Latha (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-7 |
| 9 | ഐ.എ.വൈ. ഭവന പദ്ധതി - ലോൺ തിരിച്ചടവ് വൈകുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യത<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 11-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-8 |
| 10 | കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 12-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-9 |
| 11 | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: RAMDAS M. (Asst. Audit Officer, On 12-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-10 |
| 12 | സർക്കാർ സ്കൂളുകളിൽ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ - പദ്ധതി മേഖലാ ചുമതലയിൽപ്പെടാത്തതും മറ്റ് അപാകതകളും<br>Written By: Sreeja Thekkan (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-11 |
| 13 | പാറമല വയോജനമന്ദിരം-ലക്ഷ്യം സാക്ഷാത്ക്കരിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 12-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-12 |
| 14 | അത്തിപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 12-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-13 |
| 15 | ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല. | 1-14 |

| | | |
|---|---|---|
| | Written By: Sreeja Thekkan (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | |
| 16 | തരിശി-പുഴംകുന്ന് കുടിവെള്ള പദ്ധതി - സ്ഥലം ലഭിക്കാതെ പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കി.<br>Written By: RAMDAS M. (Asst. Audit Officer, On 12-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-15 |
| 17 | ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Sreeja Thekkan (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-16 |
| 18 | ഉമ്മാത്തുപറമ്പ് കുടിവെള്ള പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല<br>Written By: RAMDAS M. (Asst. Audit Officer, On 12-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-17 |
| 19 | ക്രാഡിൽ അങ്കണവാടി നവീകരണം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-18 |
| 20 | പെയിൻ ആന്റ് പാലിയേറ്റീവ് മെഡിസിൻ - പൂർണ്ണമായും ലഭ്യമായിട്ടില്ല<br>Written By: T.K.Latha (Senior Grade Auditor, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-19 |
| 21 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതിന് രേഖകളില്ല.<br>Written By: Sreeja Thekkan (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-20 |
| 22 | അങ്കണവാടി പോഷകാഹാര വിതരണം - ബ്ലോക്ക് വിഹിതം നൽകൽ - അപാകതകൾ<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-21 |
| 23 | സി. ഡി. പി. ഒ ഓഫീസ്, കൊടുവള്ളി - അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ - വാങ്ങിയ യു. പി. എസ് നാളിതുവരെ ലഭിച്ചില്ല.<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-22 |
| 24 | കോളനികളുടെ സമഗ്ര വികസനം - പ്രോജക്ടുകൾ സമഗ്രമല്ല.<br>Written By: Sreeja Thekkan (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 22-03-2022) | 1-23 |
| 25 | മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br>Written By: T.K.Latha (Senior Grade Auditor, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-24 |
| 26 | സൂപ്പർ എം.ആർ.എഫ്- പ്രവർത്തനക്ഷമമല്ല.<br>Written By: Sreeja Thekkan (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1- 25 |
| 27 | പദ്ധതികളുടെ തുടർമോണിറ്ററിംഗ് ഫലപ്രദമല്ല. ആസ്തികൾ നിഷ്ക്രിയമായി തുടരുന്നു<br>Written By: Disha R.K (Asst. Audit Officer, On 12-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-26 |
| 28 | ഇ ടെണ്ടർ ഫീ - ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.<br>Written By: RAMDAS M. (Asst. Audit Officer, On 12-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |

| | | |
|---|---|---|
| 1 | കരാർ വെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 12-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 3-1 |
| 2 | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: RAMDAS M. (Asst. Audit Officer, On 12-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 05-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 4-4 |
| 5 | വായ്പ-വായ്പതിരിച്ചടവ്<br>Written By: T.K.Latha (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 22-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: T.K.Latha (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Latha (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: T.K.Latha (Senior Grade Auditor, On 05-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 4-8 |
| 9 | ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 05-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 22-03-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Latha (Senior Grade Auditor, On 05-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 22-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16.3.2020 - ലെ 26 ( 1 ) -ാം നമ്പർ തീരുമാന പ്രകാരവും ഭരണ സമിതിയുടെ 30.3.2020 – ലെ 114 -ാം നമ്പർ തീരുമാന പ്രകാരവും ഓഡിറ്റ് വർഷത്തെ ബജറ്റ് അംഗീകരിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത നടപടിക്രമങ്ങൾ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ, റവന്യൂ വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകൾ ബജറ്റ് ഫയലിൽ ലഭ്യമല്ല. ഇതുകൊണ്ട് തന്നെ മേല്പറഞ്ഞവ സംബന്ധിച്ച എസ്റ്റിമേറ്റ് വസ്തുതാപരമാണോയെന്ന് പരിശോധിക്കാനായിട്ടില്ല. നിയമപ്രകാരമുള്ള നടപടിക്രമങ്ങളും സമയക്രമ ങ്ങളും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, ബജറ്റ് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 05.07.2021 | ഇല്ല | ഇല്ല |

## 1-2-1 വാർഷിക കണക്ക് - അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ്ഷീറ്റിലെ ബി-11ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള വില്ലേജ് പഞ്ചായത്ത് 19,65,519/-രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം 18,09,759/-രൂപയും പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

4. ബ്ലോക്ക്പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

5. B -9 ഷെഡ്യൂൾ പ്രകാരം Interest Acuured & Due Others എന്ന ഹെഡിൽ 50999/-രൂപയും , Government And Other Dues Payable , Refund Of Unuutilised Grants Of Prior Prior Period എന്ന ഹെഡിൽ 3,49,589/-രൂപയും, Refund Payable Grants And Funds എന്ന ഹെഡിൽ 50,000/-രൂപയും നിക്കീയിരിപ്പുണ്ട്. പ്രസ്തുത തുകകൾ ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടയ്ക്കാത്തിന് കാരണം

വ്യക്തമാക്കേണ്ടതാണ്.

6.Loans, Advance, Deposit എന്നിവയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. RP -31 പ്രകാരം സംയുക്തപദ്ധതിക്കായി പൂതുപ്പാടി ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ 9,67,000/-രൂപ വാർഷിക കണക്ക് പ്രകാരം ലഭ്യമാവുകയും അസിസ്റ്റന്റ് എഞ്ചിനീയർ വയോജനങ്ങൾക്ക് പകൽ വീട് എന്ന പദ്ധതിയ്ക്കായി ചെക്ക് നമ്പർ 3829278/20/01/2021 പ്രകാരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക പദ്ധതി ചെലവ് രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ഐ.എ.വൈ പദ്ധതിയ്ക്കായി കാരശ്ശേരി ബാങ്കിൽ നിന്ന് 2012-13 കാലയളവിൽ 82,94,872/-രൂപ വായ്പ എടുക്കുകയും നാളിതുവരെ (കാരശ്ശേരി ബാങ്കിന്റെ 05.08.2020 ലെ റിപ്പോർട്ട് പ്രകാരം) 2020-21 വർഷം സർക്കാർ 1,46,80,102-രൂപയും , പലിശ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് 21,28,412/-രൂപയും അടവാക്കാനുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് 22,78,928/-രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9.B -11(a) ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ഹെഡിൽ 44,70,513/- രൂപ ഉണ്ട് എന്നാൽ പ്രസ്തുത തുക ഏതൊക്കെ വർക്കുകളുടെ ആണെന്നുള്ള വിവരം ലഭ്യമല്ല.

10. വാടകയിനത്തിൽ ഡിമാന്റ്,കളക്ഷൻ ,ബാലൻസ് എന്നിനത്തിൽ തുകകൾ ഉണ്ടെങ്കിലും, പ്രസ്തുത തുകകൾ സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

വാർഷിക കണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 17/2020-21/11.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ വരവ്,ചെലവ് ,ആസ്തി, ബാദ്ധ്യത എന്നിവയുടെ കൃത്യത ബോദ്ധ്യപ്പെട്ട് തയ്യാറാക്കേണ്ടതാണ്. കൂടാതെ സംയുക്ത പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭ്യമായ പദ്ധതി തുകകൾ സമയബന്ധിതമായി ചെലവഴിക്കേണ്ടതും, പദ്ധതി പൂർത്തികരിച്ച് കഴിഞ്ഞതാണെങ്കിൽ നിക്കീയിരിപ്പ് തുക അതാത് ഹെഡിൽ തിരികെ അടവാക്കേണ്ടതുമാണ്. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 30382676 |
| വരവ് | 131487982 |
| ആകെ | 161870658 |
| ചെലവ് | 140308735 |
| നീക്കിയിരിപ്പ് | 21561923 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | - | 67499784 | 67499784 | 65186291 | 2313493 | നിക്കീയിരിപ്പ് തുക നഷ്ടപ്പെട്ടു. |
| വികസന ഫണ്ട് | - | 21407834 | 21407834 | 21407834 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| (എസ്.സി. പി ) | | | | | | |
| വികസന ഫണ്ട് (ടി.എസ്.പി ) | - | 2647000 | 2647000 | 1247502 | 1399498 | നിക്കീയിരിപ്പ് തുക നഷ്ടപ്പെട്ടു. |
| മെയിന്റനൻസ് (നോൺ റോഡ് ) | | 11384674 | 11384674 | 10196543 | 1188131 | നിക്കീയിരിപ്പ് തുക നഷ്ടപ്പെട്ടു. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC -Tied) | - | 12670000 | 12670000 | 4543174 | 8126826 | നിക്കീയിരിപ്പ് തുക നഷ്ടപ്പെട്ടു. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC -UnTied) | | 12670000 | 12670000 | 11922272 | 747728 | നിക്കീയിരിപ്പ് തുക നഷ്ടപ്പെട്ടു. |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 246 | 165 | _ | 81 |

വിവിധ പ്രൊജക്ടുകൾക്കായി 28,19,49,845/- രൂപ വകയിരുത്തിയതിൽ കേവലം 11,81,38,849/-രൂപ മാത്രമേ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട് / C. F. C ഗ്രാന്റ് / മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ വൻതുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവു വന്ന തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 67499784 | 65186291 | 2314593 |
| വികസന ഫണ്ട് - -SCP | 21407834 | 21407834 | |
| വികസന ഫണ്ട് - -TSP | 2647000 | 1247502 | 1399498 |
| C. F. C ഗ്രാന്റ് Tied | 12670000 | 4543174 | 8126826 |

| | | | |
|---|---|---|---|
| C. F. C ഗ്രാന്റ് Untied | 11922272 | 747728 | |
| മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് | 11384674 | 10196543 | 1188131 |
| ആകെ | 115609292 | 103329072 | 13029048 |

യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച്, വികസന ഫണ്ട് / C. F. C ഗ്രാന്റ് / മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് എന്നീ ഇനങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായ മുഴുവൻ തുകയും പൂർണ്ണമായി വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ സ്ഥാപനത്തിലെ അഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. ഓഡിറ്റ് വർഷത്തെ വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും കാര്യമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. റിപ്പോർട്ടുകൾക്ക് പ്രഥമ മറുപടി സമർപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ പിന്നീട് തുടർ നടപടികളൊന്നും കൈക്കൊണ്ടു കാണുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓഡിറ്റ് വർഷം കെട്ടിട വാടക വരവിന്റെ കാര്യത്തിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ്, അഡ്വാൻസ്, ലോൺ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-8 ഐ.എ.വൈ. ഭവന പദ്ധതി - ലോൺ തിരിച്ചടവ് വൈകുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യത

ഐ.എ.വൈ ഭവന പദ്ധതിയുടെ 2012-13 കാലയളവിലെ ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിച്ച അധിക വിഹിതം നൽകുന്നതിനായി കാരശ്ശേരി സർവീസ് സഹകരണ ബാങ്കിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് എടുത്ത 82,94,872 രൂപയുടെ വായ്പയിനത്തിൽ സർക്കാർ അടവാക്കേണ്ട മുതലും പലിശയും നാളിതു വരെയായി അടവാക്കിയിട്ടില്ല. കാരശ്ശേരി സർവീസ് സഹകരണ ബാങ്ക് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 5/08/2020 തീയതി വരെ സർക്കാർ ഈ വായ്പയുടെ മുതലും പലിശയും ഇനത്തിൽ തിരിച്ചടവാക്കാനുള്ള തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. (വായ്പയുടെ പലിശ നിരക്ക് – 15

ശതമാനം. സർക്കാർ വഹിക്കേണ്ടത് – 11.25 ശതമാനം, ബ്ലോക്ക് പഞ്ചായത്ത് വഹിക്കേണ്ടത് – 3.75 ശതമാനം. )

| ഇനം | തിരിച്ചടക്കേണ്ട തുക | തിരിച്ചടച്ചത് | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| മുതൽ | 82,94,872 | ---- | 82,94,872 |
| പലിശ (11.25%) | 63,85,230 | ---- | 63,85,230 |
| ആകെ | 1,46,80,102 | ---- | 1,46,80,102 |

5/08/2020 വരെ ബ്ലോക്ക് പഞ്ചായത്ത് തിരിച്ചടക്കാനുള്ള വായ്പയുടെ വിശദ വിവരം

| ഇനം | തിരിച്ചടക്കേണ്ട തുക | തിരിച്ചടച്ചത് | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| പലിശ (3.75%) | 21,28,412 | 22,78,928 | – 1,50,516 ( 5/08/2020 ന് 1,50,516 രൂപ കൂടുതൽ തിരിച്ചടച്ച ) |

ഈ വായ്പയുടെ മുതലും പലിശയും ഇനത്തിൽ സർക്കാർ വിഹിതം സമയബന്ധിതമായി അടവാക്കാത്തതിനാൽ മുതൽ, കൂട്ടുപലിശ എന്നീയിനങ്ങളിൽ വൻ വർദ്ധനവാണ് ഓരോ വർഷവും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ വായ്പയുടെ മുതൽ, പലിശ ഇനങ്ങളിൽ സർക്കാർ അടവാക്കേണ്ട വിഹിതം അടവാക്കാത്ത വിഷയം അടിയന്തിര പ്രാധാന്യ ത്തോടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും വായ്പ തിരിച്ചടവിന് സർക്കാർ തലത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഈ വായ്പയുടെ സർക്കാർ വിഹിതം അടവാക്കാത്തതിനാൽ ആനുപാതികമായി ബ്ലോക്ക് പഞ്ചായത്തിന്റെ പലിശ വിഹിതവും ഓരോ വർഷവും വർദ്ധിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന വിഷയം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖ. 1-18 ആയി വിശദമായി പ്രതിപാദിച്ചിട്ടും ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. പലിശയിനത്തിൽ ബ്ലോക്ക് പഞ്ചായത്ത് അധികമായി അടവാക്കിയ 1,50,516 രൂപ തുടർ വർഷ പലിശയിനത്തിൽ അഡ്ജസ്റ്റ് ചെയ്തതായി കാണുന്നില്ല.
ഈ വിഷയം സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ഇതുമായി ബന്ധപ്പെട്ട് കൈക്കൊണ്ട നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-9 കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.

ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി/1.2.12 പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തി കൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞാൽ പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും

കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് ബിൽ,ചെലവുതുക | സെലക്ഷൻ നോട്ടീസ് തിയതി | പിഎസിയുടെ 1% ഫൈൻ തുക(മിനിമം 1000/-) |
|---|---|---|---|
| 1. | അത്തിപ്പാറ കുടിവെള്ള പദ്ധതി 166/21<br>2144/11.01.21-430917/-<br>1692/6.5.20-654544/-<br>2179/25.11.19--414528/- | 12.02.19 | 13194/- |
| 2 | പെഴതിങ്കൾപടി കോളനി സമഗ്രവികസനം 183/21<br>31/28.9.20-907060/- | 19.03.20 | 8099/- |
| 3 | കാഞ്ഞിരക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം143/21<br>33/11.4.20---491360/- | 6.12.19 | 4387/- |
| | | ആകെ | 25680/- |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെ ന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (14/20-21 തീയതി 11.03.22)മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ നഷ്ടം വന്ന 25680/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-10 പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല

കൊടുവള്ളി ബ്ലോക്കിൽ 20-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനെതിരെ നടപടി സ്വീകരിക്കുകയോ നിയമാനുസൃതം പിഴ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ, തീയതി. | ടി.എസ്. പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ് സൈറ്റ് കൈമാറിയ തിയ്യതി | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീകരണം വൈകിയ കാലയളവ് ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാനത്തിൽ | പിഴ (രൂ) |
|---|---|---|---|---|---|---|---|
| 1 | 205/21 പുല്ലങ്കോട്ടുമല SCകോളനി അങ്കണവാടികെട്ടിട നിർമ്മാണം - ഓമശ്ശേരി | 1176171/-(SCP) Bill No. 5/27.5.20 | മാളിയേക്കൽ കോയ AE/54/18-19dt.7.1.19 | 6 മാസം 7.01.19 | 14.11.19 | 4 മാസം 1191154x 3% | 35734/- |
| 2 | 220/21കൈതപ്പൊയിൽ രണ്ടാംകൈ അങ്കണവാടികെട്ടിട നിർമ്മാണം | 1305885/-(വി.ഫ-പൊതു.) Bill No. (3/27.5.20-872582/-) (1490/30.1.19-433303/-) | ജിതിൻ ജോർജ് AE/20/18-19dt.14.9.18 | 6 മാസം 15.9.18 | 2.9.19 | 5മാസം 1333302x 3% | 39999/- |
| | | | | | | Total | 75733/- |

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലംഘിച്ചു കൂടുതലാണ്. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തീയതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തിയിൽ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 19 / 20-21 തീയതി 11.03.22)മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക 75733/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം

അറിയിക്കേണ്ടതാണ്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 സർക്കാർ സ്കൂളുകളിൽ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ - പദ്ധതി മേഖലാ ചുമതലയിൽപ്പെടാത്തതും മറ്റ് അപാകതകളും

| | |
|---|---|
| പ്രോജക്ട് നമ്പർ | 163/21(സ്പിൽ ഓവർ) |
| നിർവ്വഹണം | സെക്രട്ടറി |
| വകയിരുത്തിയ തുക | 1806375(വികസന ഫണ്ട്)+936300(നിർമ്മൽ പുരസ്കാരം)=2742675 |
| ചെലവു തുക | 100000(വികസന ഫണ്ട്) |
| ബിൽ നമ്പർ | 20/11-4-20 |

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിലെ 10 സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് IRTCയുടെ എസ്റ്റിമേറ്റ് പ്രകാരം 2742675 രൂപ അടങ്കൽ നിശ്ചയിച്ച് 11-3-2020 ന് IRTC യുമായി 10 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കരാർ വെച്ചു. അടങ്കൽ തുകയുടെ 40% തുക ആദ്യ ഗഡുവായി നൽകുന്നതിന്റെ ഭാഗമായി 10 ലക്ഷം രൂപ മേൽ കാണിച്ച ബിൽ പ്രകാരം IRTC ക്ക് നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1.എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്ന 10 സ്കൂളുകൾ ഏതൊക്കെയാണെന്ന വിവരം ഫയലിൽ ലഭ്യമല്ല. ഏതൊക്കെ സ്കൂളുകളിലാണ് സ്ഥാപിക്കേണ്ടതെന്ന് തീരുമാനിക്കാതെയാണ് പ്രോജക്ടിന് തുക വകയിരുത്തിയിരിക്കുന്നത്.

2.സ്കൂളുകൾ തങ്ങളുടെ സ്ഥാപനത്തിൽ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കാൻ ആവശ്യപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3.സ്കൂളുകളിൽ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് സ്കൂൾ ഉൾപ്പെടുന്ന പഞ്ചായത്ത് ലഭ്യമാക്കിയ സമ്മതപത്രം ഫയലിൽ ലഭ്യമല്ല.

4. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. പഞ്ചായത്ത് രാജ് 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം പൊതുജനാരോഗ്യവും ശുചീകരണവും മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല എല്ലാതരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സി.എച്ച്.സി കളും താലൂക്ക് ആശുപത്രികളും നടത്തുക എന്നത് മാത്രമാണ്. മാലിന്യ നിർമ്മാർജ്ജനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല ഇവിടെ പ്രത്യേകം നിർവ്വചിച്ചിട്ടില്ല. സ.ഉ.എം എസ് 11/18/ത.സ്വ.ഭ.വ തീയതി 29.1.18 ഖണ്ഡിക 7(1) പ്രകാരം ശുചിത്വ - മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ് എന്ന് പ്രത്യേകം എടുത്ത് പറഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക്

ഉതകുന്ന പ്രോജക്ടുകൾ നടപ്പിലാക്കാൻ നിഷ്കർഷിക്കുന്നില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നതായി രിക്കും ഉചിതം .

28-12-2020ലെ ഐ.ആർ.ടി.സിയുടെ IRTC-PIU/808/20 കത്ത് പ്രകാരം താഴെ കൊടുത്തിരിക്കുന്ന 6 സ്കൂളുകളിൽ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 1285071/ രൂപ ചെലവായതായി അറിയിച്ചിട്ടുണ്ട്.

| സ്കൂളിന്റെ പേര് | കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ചെലവായ തുക |
|---|---|
| ജി.യു.പി സ്കൂൾ,പള്ളിപ്പുറം | 206563.08 |
| ജി.എം.യു.പി.എസ്.കൈതപ്പൊയിൽ | 215102.10 |
| ജി.എച്ച്.എസ്.പുതുപ്പാടി | 216531.14 |
| ജി.വി.എച്ച്.എസ്.എസ്.താമരശ്ശേരി | 214337.38 |
| ജി.എച്ച്.എസ്.എസ്.രാരോത്ത് | 215122.33 |
| ജി.എച്ച്.എസ്.പന്നൂർ | 217414.72 |
| | 1285071 |

ആയതിനാൽ 10 ലക്ഷം രൂപ കഴിച്ച് ബാക്കി തുകയായ 285071 രൂപയും അടുത്ത ഗഡുവായി നൽകേണ്ട 20% തുകയായ 548500 രൂപയും ഉൾപ്പെടെ 833571 രൂപ നൽകുവാനും ഐ.ആർ.ടി.സി കത്തിൽ അറിയിച്ചിട്ടുണ്ട്. ഇതു പ്രകാരം ചെക്ക് നമ്പർ 13597/3-4-21 പ്രകാരം 2021-22 വർഷം 833571 രൂപ കൂടി ഐ.ആർ.ടി.സിക്ക് നൽകിയിട്ടുണ്ട്.

9-3-2022 ന് 10.30 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന 3 സ്കൂളുകളിലെ കമ്പോസ്റ്റ് യൂണിറ്റ് സന്ദർശിച്ചു.

| സ്കൂളിന്റെ പേര് | പരിശോധനയിൽ കണ്ടത് |
|---|---|
| ജി.യു.പി സ്കൂൾ,പള്ളിപ്പുറം | യൂണിറ്റ് നല്ല നിലയിൽ ഉപയോഗിക്കുന്നുണ്ട്. ബില്ലിൽ 5000 രൂപ ഈടാക്കിയ നെയിം ബോർഡ് പേരെഴുതി സ്ഥാപിച്ചിട്ടില്ല. |
| ജി.എച്ച്.എസ്.എസ്.രാരോത്ത് | അടുത്ത ദിവസ |

| | |
|---|---|
| | ങ്ങളിലായി ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. ബില്ലിൽ 5000 രൂപ ഈടാക്കിയ നെയിംബോർഡ് പേരെഴുതി സ്ഥാപിച്ചിട്ടില്ല. |
| ജി.വി.എച്ച്.എസ്.എസ്.താമരശ്ശേരി | 28-12-2020ലെ കത്ത് പ്രകാരം സ്ഥാപിച്ചതായി പറഞ്ഞ കമ്പോസ്റ്റ് യൂണിറ്റ് നാളിതുവരെ ഉപയോഗിച്ചിട്ടില്ല. ബില്ലിൽ 5000 രൂപ ഈടാക്കിയ നെയിംബോർഡ് പേരെഴുതി സ്ഥാപിച്ചിട്ടില്ല. |

സ്കൂളുകളിൽ പ്ലാന്റുകൾ കൃത്യമായി സ്ഥാപിച്ചിട്ടുണ്ടോ എന്നും അവ ഉപയോഗ പ്പെടുത്തുന്നുണ്ടോ എന്നും പരിശോധന നടത്താതെയാണ് അടുത്ത ഗഡു നൽകിയിരി ക്കുന്നത്. IRTCയുമായി വച്ച കരാറിലെ 7ാം നമ്പർ വ്യവസ്ഥ പ്രകാരം അഡ്വാൻസും ഗഡുക്കളും കൈപ്പറ്റിയ തീയതി മുതൽ പരമാവധി 5 മാസത്തെ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. ഫയൽ പ്രകാരം ബാക്കിയുള്ള 4 സ്കൂളുകളിൽ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (3/20-21 തീയതി 10-3-22) മറുപടി നൽകിയിട്ടില്ല. കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്ന 10 സ്കൂളുകൾ ഏതൊക്കെയാണെന്ന വിവരവും കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കാൻ സ്കൂളുകൾ ആവശ്യപ്പെട്ടതിന്റെ രേഖകളും സ്കൂൾ ഉൾപ്പെടുന്ന പഞ്ചായത്ത് ലഭ്യമാക്കിയ സമ്മതപത്രവും ലഭ്യമാക്കേണ്ടതാണ്. മേഖലാ ചുമതലയിൽപ്പെടാത്ത പ്രോജക്ട് നേരിട്ട് നടപ്പിലാക്കിയതിന് വിശദീകരണവും മുഴവൻ സ്കൂളുകളിലും കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്. എല്ലാ പ്ലാന്റുകളും കൃത്യമായി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് മോണിറ്ററിംഗ് നടത്തി അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതുവരെ 1000000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-12 പാറമല വയോജനമന്ദിരം-ലക്ഷ്യം സാക്ഷാത്ക്കരിച്ചില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | പാറമല വയോജനമന്ദിരം കെട്ടിടനിർമ്മാണം -57/21 |
| വകയിരുത്തിയ തുക | 1030510/-(പൊതുവിഭാഗം-വി.ഫണ്ട്) |

| | |
|---|---|
| ചെലവഴിച്ച തുക, ബിൽനമ്പർ, തിയ്യതി | 594330/-(51/29.01.21)<br>654544/-(79/30.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടർ | ഷൈജു.പി.(M.Book-55/21,02/21) |
| എഗ്രിമെന്റ് നമ്പർ | AE/12/20dt.26.08.20 |

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ പാറമല വയോജനമന്ദിരത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി ആസൂത്രണം ചെയ്ത പദ്ധതിയാണിത്. കെട്ടിടനിർമ്മാണം നല്ല രീതിയിൽ പൂർത്തീകരിച്ച് 30.12.21ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടത്തിൽ വെള്ളം, വൈദ്യുതി, ഫർണ്ണീച്ചർ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രോജക്ട് വിഭാവനം ചെയ്യുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. പദ്ധതി ആസൂത്രണത്തിലെ മുൻകാഴ്ചയില്ലായ്മയെയാണ് ഇതു കാണിക്കുന്നത്. ഉദ്ഘാടനം ചെയ്ത കെട്ടിടം ഇതുവരെയും വയോജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടില്ല.

അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി കെട്ടിടം വയോജനങ്ങൾക്ക് തുറന്ന് കൊടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/20-21 തീയതി 10.03.22)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക ൾക്കുള്ള കാരണം വിശദീകരിക്കേണ്ടതും കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി കെട്ടിടം വയോജനങ്ങൾക്ക് തുറന്ന് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചെലവുതുക 1248874/-രൂപ തടസ്സത്തിൽവെക്കുന്നു.

## 1-13 അത്തിപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചില്ല.

| | | |
|---|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | അത്തിപ്പാറ കുടിവെള്ള പദ്ധതി 166/21 | അത്തിപ്പാറ കുടിവെള്ള പദ്ധതി 46/20 |
| വകയിരുത്തിയ തുക | 1085472/-(പൊതുവിഭാഗം-വി.ഫണ്ട്)<br>30000/-(മറ്റുള്ളവ) | 1500000/-(പൊതുവിഭാഗം-വി.ഫണ്ട്)<br>30000/-(മറ്റുള്ളവ) |
| ചെലവഴിച്ച തുക,ബിൽനമ്പർ,തിയ്യതി | 430917/-(2144/11.01.21)<br>654544/-(1692/6.5.20) | 414528/-(2179/25.11.19) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടർ | ജിവിൻ ജോസ്.അടക്കാപ്പാറ (M.Book-115/19,177/18) | ജിവിൻ ജോസ്.അടക്കാപ്പാറ (M.Book-115/19,177/18) |
| എഗ്രിമെന്റ് നമ്പർ | AE/75/19dt.29.03.19 | AE/75/19dt.29.03.19 |

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ അത്തിപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്ന തിനായി 2018-19ൽ ആരംഭിച്ച പദ്ധതിയാണിത്. ഗ്രാമപഞ്ചായത്ത് NREGSവഴി നിർമ്മിച്ച കിണർ ഉപയോഗപ്പെടുത്തി പമ്പ് ഹൌസ്,വാട്ടർ ടാങ്ക്, പമ്പിംഗ് മെയിൻ, വിതരണ ശൃംഖല,മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്.മേൽ പദ്ധതി പ്രകാരം 1499989/-രൂപ ചെലവഴിച്ച് പമ്പ് ഹൗസ്, വാട്ടർ ടാങ്ക്, പമ്പിംഗ് മെയിൻ, വിതരണശൃംഖല എന്നിവ പൂർത്തീകരിച്ചു. പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കുടിവെള്ള പദ്ധതി സംബന്ധിച്ച് സാധ്യതാപഠനം നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക വകയിരുത്തി സമഗ്രമായ പ്രോജക്ട് തയ്യാറാക്കിയില്ല.

2. പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ വൈദ്യുതി കണക്ഷൻ,മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല.

3.പ്രവൃത്തി പൂർത്തീകരിച്ച് ഇതുവരെയും ഉപയോഗപ്പെടുത്താത്തതിനാൽ ചെലവുതുക പാഴ് ചെലവാകുകയും പദ്ധതി ലക്ഷ്യം കൈവരിക്കാനാകാതെ പാതിവഴിയിൽ ഉപേക്ഷിച്ചിരിക്കു കയുമാണ്.

4. ഓഡിറ്റ് ടീം 9.03.22ന് നടത്തിയ സ്ഥല പരിശോധനയിൽ വെള്ളം ഒഴുകുന്ന തോട്ടിലൂടെ സ്ഥാപിച്ചതും പമ്പിംഗ് മെയിനായി ഉപയോഗിച്ചതുമായ GI പൈപ്പുകൾ തുരുമ്പെടുത്ത് നശിച്ച അവസ്ഥയിലാണെന്ന് കണ്ടു. കൂടാതെ GI പൈപ്പുകൾ പലയിടങ്ങളിലും നഷ്ടപ്പെട്ട തായും കണ്ടു.

പ്രോജക്ട് പൂർത്തീകരിച്ച് ഉപയോഗപ്പെടുത്താതെ പദ്ധതിപ്പണം പാഴ്ച്ചെലവാകുന്നതിന് ഇടവരുത്തിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/20-21 തിയ്യതി 10.03.22)മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾക്കുള്ള കാരണം വിശദീകരിക്കേണ്ടതും പദ്ധതി പ്രാവർത്തികമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചെലവുതുക 1085461/-രൂപ തടസ്സത്തിൽവെക്കുന്നു.

1-14 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല.

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം വ്യത്യസ്ത ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ/പേര് | ബിൽ നമ്പർ/ തീയതി / ചെലവ ഴിച്ച തുക | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|
| 1. | 231/21 അട്ടക്കമല കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 34/15-1-21 102251 | കെ.എസ്.ബി, നരിക്കുനി |
| 2. | 230/21 കുന്നമ്മൽ മണ്ണിൽക്കടവ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21/28-9-20 600000 | കെ.ഡബ്ള്യു.എ. പി.എച്ച് ഡിവിഷൻ, മലാപ്പറമ്പ |
| 3. | 218/21 വയനാടൻ കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണം കെ.എസ്.ബി ഡെപ്പോസിറ്റ് | 82429 | കെ.എസ്.ബി, പുതുപ്പാടി |
| 4. | 162/21 കോടഞ്ചേരി സി.എച്ച്.സി ത്രീ ഫേസ് കണക്ഷൻ | 122869 | കെ.എസ്.ബി, കോടഞ്ചേരി |
| | | 907549 | |

മേൽ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ

എൻക്വയറിക്ക് (2/20-21 തീയതി 10-3-22) മറുപടി നൽകിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ 907549 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-15 തരിശി-പുഴംകുന്ന് കുടിവെള്ള പദ്ധതി - സ്ഥലം ലഭിക്കാതെ പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കി.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ,പേര് | തരിശി-പുഴംകുന്ന് കുടിവെള്ള പദ്ധതി 190/21 |
| വകയിരുത്തിയ തുക | 700000/-(SCP) |
| ചെലവഴിച്ച തുക, ബിൽനമ്പർ, തീയതി | 166014/-(21/ 25.8.20) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടർ | ജേക്കബ്.എം.സി. (M.Book-103/19-20) |
| എഗ്രിമെന്റ് നമ്പർ | AE/59/19dt.13.03.20 |

പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ തരിശി-പുഴംകുന്ന് എസ്.സി. കോളനിയിലെ ഇരുപത് കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി 2019-20ൽ ആരംഭിച്ച പദ്ധതിയാണിത്. പ്രോജക്ട് പ്രകാരം ആർ.സി.സി.കോളം – ബീം നിർമ്മിച്ച് അതിനുമുകളിൽ ആർ.സി.സി സ്ലാബിട്ട് പോളിത്തീൻ ടാങ്ക് സ്ഥാപിക്കലും നിലവിലെ കിണറിന് ആഴം കൂട്ടലും പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ,മോട്ടോർ,ഇലക്ട്രിഫിക്കേഷൻ എന്നിവയുമാണ് ഉൾപ്പെട്ട ത്തിയിട്ടുള്ളത്. പ്രവൃത്തി ടെണ്ടർ ചെയ്ത് കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു.

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 29.07.2020ലെ 24.1 നമ്പർ തീരുമാനപ്രകാരം കുടിവെള്ള പദ്ധതിക്ക് വാട്ടർടാങ്ക് നിർമ്മിക്കാനുള്ള സ്ഥലം ലഭ്യമല്ലാത്ത തിനാൽ നിലവിലെ കിണർ ആഴം കൂട്ടുന്ന പ്രവൃത്തി മാത്രം ചെയ്യാൻ തീരുമാനിച്ചു. കിണർ ആഴം കൂട്ടുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാകുന്നതിനുമുമ്പെ പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കി ഫണ്ട് വകയിരുത്തിയതിനും കുടിവെള്ള പദ്ധതി സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കാത്തതിനും ലക്ഷ്യം കൈവരിക്കാത്ത പദ്ധതിക്കായി തുക ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (08/20-21 തിയ്യതി 10.03.22)മറുപടി ലഭ്യമാക്കിയിട്ടില്ല . അപാകതകൾക്ക് തൃപ്തികരമായ കാരണം വിശദീകരിക്കപ്പെടുന്നതു വരെ ചെലവുതുക 166014/-രൂപ തടസ്സത്തിൽ വെക്കുന്നു.

1-16 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല

2020-21 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് ഗ്രാമ പഞ്ചായ ത്തു കൾക്ക് വിഹിതം നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ബിൽ നമ്പർ, തീയതി/തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|
| 1. | 111/21 ബ്ലോക്ക്തല കൗ ലിഫ്റ്റർ മാനേജ്മെന്റ് | 450/26-3-21 200000 | വികസന ഫണ്ട് (പൊതു | കോടഞ്ചേരി പഞ്ചാ യത്തിന് തുക കൈ |

| | | | | |
|---|---|---|---|---|
| | ഉപകരണം വാങ്ങൽ | | വിഭാഗം) | മാറി. പഞ്ചായത്തിന്റെ പ്രോജക്ട് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. |
| 2. | 217/21 കാരക്കുന്ന് ശ്മശാനം ഗ്യാസ് ക്രിമറ്റോറിയം | 228/7-1-21 900000 | വികസന ഫണ്ട് (പൊതു വിഭാഗം) | പുതുപ്പാടി ഗ്രാമ പഞ്ചായത്തിന് തുക കൈമാറി |
| 3. | 215/21 കുഴിപ്രക്കുന്ന് കോളനി സമഗ്ര വികസനം | 146/16-9-20 606390 | വികസന ഫണ്ട് (എസ്.സി.പി) | മടവൂർ ഗ്രാമ പഞ്ചായത്തിന് തുക കൈമാറി |
| 4. | 211/21 വട്ടിക്കുന്നാംപൊയിൽ കുടിവെള്ള പദ്ധതി-താമരശ്ശേരി | 500000 | വികസന ഫണ്ട് (പൊതു വിഭാഗം) | താമരശ്ശേരി ഗ്രാമ പഞ്ചായത്തിന് തുക കൈമാറി |
| | | 226390 | | |

ഗ്രാമപഞ്ചായത്തുകളുടെ TSB അക്കൗണ്ടുകളിലേക്ക് കൈമാറിയ വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (4/20-21 തീയതി 10-3-22) മറുപടി നൽകിയിട്ടില്ല. നടപടി സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 226390 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-17 ഉമ്മാത്തുപറമ്പ് കുടിവെള്ള പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | ഉമ്മാത്തുപറമ്പ് കുടിവെള്ള പദ്ധതി 186/21,139/22 |
| വകയിരുത്തിയ തുക | 500000/-(SCP) |
| ചെലവഴിച്ച തുക, ബിൽനമ്പർ, തിയ്യതി | 337999/-(25/25.8.20)<br>66084/-(8639/18.11.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| കോൺട്രാക്ടർ | റഫീക്ക്. (M.Book-102/19-20) |
| എഗ്രിമെന്റ് നമ്പർ | AE/55/19dt.06.03.20 |

ഓമശ്ശേരി ഗ്രാമപഞ്ചായത്തിലെ ഉമ്മാത്തുപറമ്പ് എസ്.സി. കോളനി നിവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി 2018-19 ൽ ആരംഭിച്ച പദ്ധതിയാണിത്. പ്രോജക്ടിൽ കിണർനിർമ്മാണം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെട്ട് കിണർനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കുടിവെള്ള പദ്ധതി സംബന്ധിച്ച് സാധ്യതാപഠനം നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക വകയിരുത്തി സമഗ്രമായ പ്രോജക്ട് തയ്യാറാക്കിയില്ല.

2. പദ്ധതി നടപ്പാക്കുന്നതിനു മുമ്പെ ഭൂജലവകുപ്പിന്റെ റിപ്പോർട്ട്, പട്ടികജാതി വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ വാങ്ങിയതായി കാണുന്നില്ല.

3. പ്രോജക്ട് പ്രകാരം കിണർ മാത്രം കുഴിച്ച് ഉപയോഗപ്പെടുത്താതിരിക്കുകയും പദ്ധതിപ്പണം പാഴ്ച്ചെലവാകുന്നതിന് ഇടവരുത്തുകയും ചെയ്തു.

4. ഓഡിറ്റ് ടീം 9.03.22ന് നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതിക്കായി വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച കിണറുകളും വാട്ടർടേങ്കും ഉപയോഗശൂന്യമായ അവസ്ഥയിലുള്ളതായി കാണുകയുണ്ടായി.കോളനിനിവാസികൾ കുടിവെള്ളക്ഷാമം നേരിടുന്നതായും ആയതിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിൽ പ്രാദേശിക സർക്കാറുകൾ വേണ്ടത്ര പരിഗണന നൽകുന്നില്ലെന്നും നാട്ടുകാർ പരാതി പറയുകയും ചെയ്തു.

വർഷങ്ങൾക്ക്മുമ്പ് ആരംഭിച്ച പദ്ധതികൾ പരാജയപ്പെട്ട അതേ സ്ഥലത്ത് സാധ്യതാ പഠനം നടത്തി സമഗ്രമായ രീതിയിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാതെ ഒരു കിണർ മാത്രം കുഴിച്ചുവെച്ച് പദ്ധതിപ്പണം പാഴ്ച്ചെലവാകുന്നതിന് ഇടവരുത്തിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/20-21 തിയ്യതി 10.03.22)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്കു ള്ള കാരണം വിശദീകരിക്കേണ്ടതും പദ്ധതി പ്രാവർത്തികമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചെലവുതുക 404083/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 ക്രാഡിൽ അങ്കണവാടി നവീകരണം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് – എസ്. ഒ 0223/21 - ക്രാഡിൽ അങ്കണവാടി നവീകരണം

നിർവ്വഹണം – സി. ഡി. പി. ഒ, കൊടുവള്ളി

അടങ്കൽ – 3,00,000/- രൂപ ( വികസന ഫണ്ട് )

ചെലവ് – 3,00,000/- രൂപ ( ബിൽ നമ്പർ 2/20-21/1.3.2021)

കോഴിക്കോട് ജില്ലയിലെ ഐ.സി.ഡി.എസ് പദ്ധതിയുടെ സമഗ്ര വികസനത്തി നായി ജില്ലാ ഭരണകൂടവും, വനിത ശിശു വികസന വകുപ്പും, ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് " ദി ക്രാഡിൽ ". സ്ത്രീകളുടെയും കുട്ടികളുടെയും ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക, പ്രീ സ്കൂൾ കുട്ടികളുടെ പ്രായത്തിനും വികാസത്തിനും അനുയോജ്യമായ സൗകര്യങ്ങളും സാഹചര്യങ്ങളും സൃഷ്ടിച്ച് കൊണ്ട് അങ്കണവാടികളെ മെച്ചപ്പെട്ട ശിശുവികസന കേന്ദ്രങ്ങളാക്കി മാറ്റുക, കുട്ടികളുടെ ശേഷികൾ വിലയിരുത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ വികസിപ്പിക്കുക, അങ്കണവാടി സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് സഹായകമായ സൗകര്യങ്ങൾ

വികസിപ്പിക്കുക, ഗർഭിണികളുടെയും കൗമാരക്കാരുടെയും ശാരീരിക മാനസിക അവസ്ഥ സ്വയം വിലയിരുത്തുന്നതിന് സഹായകമായ ടൂൾസ് വികസിപ്പി ക്കുക, അങ്കണവാടി പ്രവർത്തകർ, സ്കൂൾ കൗൺസിലർമാർ എന്നിവരുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 ൽ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 2 അങ്കണവാടികൾ നവീകരിക്കുന്നതിനായിട്ടാണ് മേൽ പ്രകാരമുള്ള പ്രോജക്ട് നടപ്പിലാക്കിയത്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 3,00,000 രൂപ ഉപയോഗിച്ച് താഴെ കൊടുത്തിരിക്കുന്ന സാധനങ്ങളും/ സേവനങ്ങളും ആർട്കോയിൽ നിന്നും 167/5-11-2020 നമ്പറിലുള്ള ക്യാഷ് ബിൽ പ്രകാരം വാങ്ങിയിട്ടുണ്ട്.

Teaching Art Board, Full HD TV, Malayalam Alphabet Set തുടങ്ങി 21 ഇനങ്ങൾ 3,00,000 രൂപ ചെലവിൽ ആർട്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

പ്രോജക്ട് നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയില്ല .

ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ അവർ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയാൽ മാത്രമേ ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അങ്കണവാടികളിലേക്ക് വാങ്ങിയ കളിക്കോപ്പുകൾ ആർട്കോ സ്വന്തം നിലയിൽ നിർമ്മിച്ചതാണോ എന്ന് വ്യക്തമല്ല. വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും അവർ നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ആർട്കോ മാനേജിംഗ് ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. കളിക്കോപ്പുകൾ നിർമ്മിക്കുന്നതിനും മേൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും ഈ കാലയളവിൽ സർക്കാർ അനുമതി നൽകിയ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

2. മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല .

സാധനങ്ങളുടെ വാങ്ങൽ, ഗുണനിലവാരം എന്നീ ഘടകങ്ങൾ മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

3. വാല്വേഷനില്ലാതെ തുക നൽകി .

അങ്കണവാടികളുടെ ചുമരിൽ ആർട്ട് പെയിന്റിംഗ് ചെയ്തതിന് ഒന്നിന് 26,620 രൂപ നിരക്കിൽ 12% ജി.എസ്.ടി ഉൾപ്പെടെ 59,628 രൂപ ഈടാക്കിയിട്ടുണ്ട്. അങ്കണവാടികളുടെ ചുമരിന്റെ ഏരിയ വ്യത്യസ്തമായിരിക്കെ ഓരോന്നിനും 26,620 രൂപ നിരക്കിൽ തുക ഈടാക്കിയതെങ്ങിനെയെന്ന് വ്യക്തമല്ല. കൂടാതെ, ബ്ലോക്ക് പഞ്ചായത്ത് ഈ ഒരു പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം സാമൂഹ്യക്ഷേമ മേഖലയിൽ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. പഞ്ചായത്ത് രാജ് 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം സാമൂഹ്യക്ഷേമ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല ഐ.സി.ഡി.എസ് - കൾ നടത്തുക എന്നതാണ്. സ. ഉ. (എം. എസ്) 11/18/ത.സ്വ.ഭ.വ തീയതി 29.1.18 ഖണ്ഡിക 7(8) പ്രകാരവും ഇത്തരത്തിൽ അങ്കണവാടികളിലെ പഠന സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കാൻ നിഷ്കർഷിക്കുന്നില്ല. പഞ്ചായത്ത് രാജ് ആക്ട് മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ, പദ്ധതി മാർഗനിർദ്ദേശ ങ്ങൾ എന്നിവയിൽ ഉൾപ്പെടാത്ത പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കാനുണ്ടായ സാഹചര്യവും വിശദീകരിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 12/2020-21 തീയതി 10.3.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-19 പെയിൻ ആന്റ് പാലിയേറ്റീവ് മെഡിസിൻ - പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | S0099/21 |
| പ്രോജക്റ്റിന്റെ പേര് | താലൂക്ക് ആശുപത്രി താമരശ്ശേരി പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | 5,00,000 ( (വികസനഫണ്ട് -ജനറൽ ) |
| ചെലവ് | 486148/-(മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ബിൽ നം | 1. 15/20-21 /9/07/20 തുക - 8102/-<br>2. 20/20-21 /30/07/20 തുക - 9732/-<br>3. 22/20-21 / തുക - 7493/-<br>4. 23/20-21 / തുക - 3154/-<br>5. 25/20-21 തുക - 8521/-<br>6. 39/20-21 /12/11/20 തുക - 4731/-<br>7. 40/20-21 /2/11/20 തുക - 6558/-<br>8. 41/20-21 /2/11/20 തുക - 8005/-<br>9. 50/20-21 /24/01/21 തുക -5681/-<br>10. 51/20-21 /24/01/21 തുക - 10385/-<br>11. 54/20-21 /24/01/21 തുക - 3171/-<br>12. 56/20-21 /24/01/21 തുക - 4044/-<br>13.57/20-21 16/02/21 തുക - 11430/-<br>14. 75/20-21/28/03/21 തുക - 21061/-<br>15.76/20-21 /28/03/21 തുക - 19098/- |

| | |
|---|---|
| | 16.81/20-21 /28/03/21 തുക - 18228/-<br>17.72/20-21/*28/03/21* തുക - 99005/-<br>18.82/20-21 /30/03/21 തുക - 237749/-<br>486148/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി താമരശ്ശേരി |

മേൽ ബില്ലുകൾ പ്രകാരം താലൂക്ക് ആശുപത്രി താമരശ്ശേരി സെക്കണ്ടറി പാലിയേറ്റീവ് പരിചരണം നടപ്പിലാക്കുന്നതിനായി പാലിയേറ്റീവ് വാഹന വാടക, ഭക്ഷണം, പാലിയേറ്റീവ് അനുബന്ധ പ്രവർത്തനം, മരുന്ന് വാങ്ങൽ എന്നീ പ്രവർത്തനങ്ങൾക്കായി 486148/- രൂപ ചെലഴിച്ചിട്ടുണ്ട്. ആയതിൽ ഇൻഡന്റ് പ്രകാരമുള്ള പാലിയേറ്റീവ് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ കോർപ്പറേഷനിൽ നിന്ന് 09/03/21 ലെ പെർഫോർമ ഇൻവോയിസ് നമ്പർ 6047 ലഭ്യമാക്കി. പ്രസ്തുത ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 30/03/21 തീയതിയിലെ 82/20-21 നമ്പർ ബിൽ പ്രകാരം 237749/- രൂപ മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 1,031,82/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുള്ളത്. ബാക്കി 134567/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. പാലിയേറ്റീവ് ആവശ്യമരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറി (16/2020-21/ 11.03.2022 ) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1,34,567/- രൂപയുടെ മരുന്ന് ലഭ്യമാവാത്തതിനാൽ 134567/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പാലിയേറ്റീവ് രോഗികൾക്കുള്ള ആവശ്യ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്ന് ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേ ണ്ടതുമാണ്.

1-20 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതിന് രേഖകളില്ല.

2020-21 സാമ്പത്തിക വർഷത്തിൽ വിവിധ പ്രൊജക്ടുകൾ പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കുന്നതിനും വൈദ്യുതീകരണത്തിനും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട നമ്പർ/പേര് | വൈദ്യുതീകരണത്തിന്/ മോട്ടോർ സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുക | ബിൽ നമ്പർ/തീയതി |
|---|---|---|
| 231/21 അടുക്കമല കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 102251 | 34/15-1-21 |
| 226/21 കുറുക്കൻമല കുടിവെള്ള പദ്ധതി പമ്പ്സെറ്റ് സ്ഥാപിക്കൽ | 157000 | 35/15-1-21 |

| | | |
|---|---|---|
| | | |
| 218/21 വയനാടൻ കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 82429 | 88/16-6-20 |

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയ കുടിവെള്ള പദ്ധതികൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ മുഖേന ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (1/20-21 തീയ്യതി 10-3-22) മറുപടി നൽകിയിട്ടില്ല. കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ മുഖേന ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-21 അങ്കണവാടി പോഷകാഹാര വിതരണം - ബ്ലോക്ക് വിഹിതം നൽകൽ - അപാകതകൾ

കൊടുവള്ളി സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20, 2020-21 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള അങ്കണവാടി പോഷകാഹാര വിതരണം - ബ്ലോക്ക് വിഹിതം നൽകൽ എന്ന പദ്ധതികൾ പ്രകാരം 2019-20 വർഷം 10,00,000 രൂപയും 2020-21 വർഷം 7,99,960 രൂപയും വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അങ്കണവാടി പോഷകാഹാര വിതരണം എന്ന പദ്ധതിയുടെ ബ്ലോക്ക് വിഹിതമായി കൈമാറിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

സ. ഉ. ( കൈ ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 പ്രകാരമുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 3.5.4 പ്രകാരം സംയുക്ത പദ്ധതികൾ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം ത്രിതല പഞ്ചായത്തുകൾ കരട് പദ്ധതി തയ്യാറാക്കുന്നതിന് മുമ്പ് ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെയും അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ എന്നിവരുടെ സംയുക്ത യോഗം വിളിച്ചു ചേർക്കേണ്ടതും വകയിരുത്തേണ്ട വിഹിതത്തെപ്പറ്റി ധാരണയാക്കേണ്ടതുമാണ്. എന്നാൽ അത്തരം ഒരു ധാരണയില്ലാതെയാ ണ് ഈ പ്രോജക്ടിന് ബ്ലോക്ക് പഞ്ചായത്ത് തുക വകയിരുത്തിയത്. ആയതുകൊണ്ട് തന്നെ ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഈ പ്രോജക്ടിന് വകയിരുത്തി യതും ആവശ്യപ്പെട്ടതുമായ തുക ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായി. ഇക്കാരണത്താൽ തന്നെ ഗ്രാമപഞ്ചായത്തുകൾക്ക് പോഷകാഹാര വിതരണത്തിനായി ആവശ്യത്തിന് ഫണ്ട് ലഭ്യമല്ലാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്തു. വിശദ വിവരം ചുവടെ ചേർക്കുന്നു.

2019-20

വകയിരുത്തിയ ഫണ്ട് - വികസന ഫണ്ട് - പൊതു വിഭാഗം - സാധാരണ വിഹിതം

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഗ്രാമപഞ്ചായത്ത് വകയിരുത്തിയ തുക | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഗ്രാമ പഞ്ചായത്തിന് അനുവദിച്ച തുക |
|---|---|---|---|
| 1 | മടവൂർ | 4,00,000 | 1,50,000 |
| 2 | പുതുപ്പാടി | 3,00,000 | 1,50,000 |
| 3 | തിരുവമ്പാടി | 5,00,000 | 1,50,000 |
| 4 | കൂടരഞ്ഞി | 3,00,000 | 1,50,000 |

| | | | |
|---|---|---|---|
| 5 | കിഴക്കോത്ത് | 5,00,000 | 1,50,000 |
| 6 | ഓമശ്ശേരി | 1,00,000 | 1,00,000 |
| 7 | കോടഞ്ചേരി | 8,00,000 | 1,50,000 |
| 8 | താമരശ്ശേരി | - | - |
| 9 | കട്ടിപ്പാറ | - | - |

2020-21

വകയിരുത്തിയ ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഗ്രാമപഞ്ചായത്ത് വകയിരുത്തിയ തുക | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഗ്രാമ പഞ്ചായത്തിന് അനുവദിച്ച തുക |
|---|---|---|---|
| 1 | മടവൂർ | 4,00,000 | 1,00,000 |
| 2 | പുതുപ്പാടി | 3,00,000 | 1,00,000 |
| 3 | തിരുവമ്പാടി | 5,00,000 | 1,00,000 |
| 4 | കൂടരഞ്ഞി | 2,00,000 | 99,960 |
| 5 | കിഴക്കോത്ത് | 5,00,000 | 1,00,000 |
| 6 | ഓമശ്ശേരി | 3,00,000 | 1,00,000 |
| 7 | കോടഞ്ചേരി | 8,00,000 | 1,00,000 |
| 8 | താമരശ്ശേരി | 3,00,000 | - |
| 9 | കട്ടിപ്പാറ | 8,00,000 | 1,00,000 |

ഗ്രാമപഞ്ചായത്തുകൾക്ക് പോഷകാഹാര വിതരണത്തിനായി സംയുക്ത പ്രോജക്ടുകൾ പ്രകാരം വകയിരുത്തിയ തുക നൽകുന്നതിൽ വന്ന വീഴ്ചകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 10/2020-21 തീയതി 10.3.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതും പോഷകാഹാര വിതരണത്തിനായി ആവശ്യത്തിന് ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ട തുമാണ്.

1-22 സി. ഡി. പി. ഒ ഓഫീസ്, കൊടുവള്ളി - അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ - വാങ്ങിയ യു. പി. എസ് നാളിതുവരെ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0165/21 |
| പ്രോജക്ട് | സി. ഡി. പി. ഒ ഓഫീസ്, കൊടുവള്ളി- അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ |
| നിർവഹണോദ്യോഗസ്ഥ | സി. ഡി. പി. ഒ |

| | |
|---|---|
| | |
| വകയിരുത്തിയ തുക | നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് – 1,35,760 രൂപ |
| ചെലവഴിച്ച തുക | 1,18,560 രൂപ – ട്രഷറി ബിൽ നമ്പർ – 1/2020-21 തീയതി 28.4.2020 |

കൊടുവള്ളി സി.ഡി.പി.ഒ ഓഫീസിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനാ യി 2 കമ്പ്യൂട്ടർ, 1 പ്രിന്റർ, 1 യു. പി. എസ്. എന്നിവ വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റാണ് ഇത്. സർക്കാരിന്റെ CPRCS പോർട്ടലിൽ നിന്നും ആണ് ഇവ വാങ്ങാൻ തീരുമാനിച്ചത്. ആയതിനായി മേൽ പ്രകാരം തുക കെൽട്രോണിന് കൈമാറിയെങ്കിലും യു.പി.എസ്. നാളിതുവരെ ലഭിച്ചില്ല. (കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭിച്ചിട്ടുണ്ട്) 22,771 രൂപയുടെ യു.പി.എസ്. നാളിതുവരെ ലഭ്യമാവാത്ത സാഹചര്യത്തിൽ ആയത് അടിയന്തിര മായി ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 11/2020-21 തീയതി 10.3.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലു ള്ള 22,771 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. യു.പി.എസ്. അടിയന്തിരമായി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 കോളനികളുടെ സമഗ്ര വികസനം - പ്രോജക്ടുകൾ സമഗ്രമല്ല.

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ വിവിധ കോളനികളിലെ സമഗ്ര വികസന പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നമ്പർ/പേര് | വകയിരുത്തിയ തുക/ഫണ്ടിനം | ചെലവഴിച്ച തുക/ബിൽ നമ്പർ/തീയതി | എം.ബുക്ക് നമ്പർ/ കരാറുകാരന്റെ പേര് | പ്രോജക്ട് പ്രകാരം ചെയ്ത പ്രവൃത്തി |
|---|---|---|---|---|
| 208/21<br>ഈസ്റ്റ് കുപ്പായക്കോട് കോളനി സമഗ്ര വികസനം – പുതുപ്പാടി | 600000<br>വികസന ഫണ്ട്.എസ്.സി.പി | 528929<br>6/27-5-2020 | 28/19-20<br>ശ്രീ.കെ.പി. അഹമ്മദ് കുട്ടി | 58 മീറ്റർ നടപ്പാത, 38 മീറ്റർ ചുറ്റുമതിൽ നിർമ്മാണം. |
| 181/21<br>ചാലിയം കോളനി സമഗ്ര വികസനം - കോടഞ്ചേരി | 500000<br>വികസന ഫണ്ട്.എസ്.സി.പി | 477127<br>72/27-3-21 | 32/20-21<br>ശ്രീ.സി.ജെ മത്തായി | 125 മീറ്ററിലായി കോളനിയിലെ വീടുകൾക്ക് ചുറ്റുമതിൽ |

| | | | | |
|---|---|---|---|---|
| | | | | നിർമ്മാണം |
| 147/21<br>കുട്ടക്കര എസ്.സി.കോളനി സമഗ്ര വികസനം - കൂടരഞ്ഞി | 500000<br>വികസന ഫണ്ട്.എസ്.സി.പി | 458929<br>12/11-4-20 | 35/19-20<br>ശ്രീ.കെ.പി. അഹമ്മദ് കുട്ടി | 3 വീട്ടുകളുടെ ചുറ്റുമതിൽ നിർമ്മാണം |
| 183/21<br>പെഴതിങ്കൾ കോളനി സമഗ്ര വികസനം – കിഴക്കോത്ത് | 1000000<br>വികസന ഫണ്ട്.എസ്.സി.പി | 907020<br>31/28-9-20 | 96/19-20<br>ശ്രീ.അബ്ദുൾ ബാസിത്ത്.കെ | കോളനിയിൽ നിന്നും മെയിൻ റോഡിലേക്കുള്ള 242 മീറ്റർ റോഡ് കോൺക്രീറ്റും പാർശ്വഭിത്തി കെട്ടലും |
| 37/21<br>കഴിപ്രക്കുന്ന് കോളനി സമഗ്ര വികസനം - മടവൂർ | 700000<br>വികസന ഫണ്ട്.എസ്.സി.പി | 537480<br>33/12-10-20 | 1/20-21<br>മാസ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | പടനിലം നരിക്കുനി റോഡിൽ നിന്ന് തുടങ്ങുന്ന കഴിപ്രക്കുന്ന് കോളനിയി ലേക്കുള്ള റോഡ് കോൺക്രീറ്റ് |
| പറക്കണം എസ്.സി കോളനി സമഗ്ര വികസനം -കിഴക്കോത്ത് | 512591<br>വികസന ഫണ്ട്.എസ്.സി.പി | 510210<br>18/30-7-20 | 65/19-20,109 /19-20<br>കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 220 മീറ്ററിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>75 മീറ്ററിൽ ജി.ഐ.പൈപ്പ് ഉപയോഗിച്ച് ഹാന്റ്റെയിൽ, സ്റ്റീൽ ഗ്രിൽ ഘടിപ്പിച്ച 5000 ലിറ്റർ കപ്പാസിറ്റി<br>യുള്ള 2 വാട്ടർ ടാങ്ക് സ്ഥാപി ക്കൽ എന്നിവ |

മേൽ പ്രോജക്ടുകൾ മുഴവൻ സമഗ്ര വികസനം എന്ന പേരിൽ വിഭാവനം ചെയ്തുവെങ്കിലും കോളനികളിലെ ഏതെങ്കിലും ഒന്നോ രണ്ടോ അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗികമായ പണി മാത്രമാണ് ചെയ്തത്. വിവിധ പഞ്ചായത്തുകളിലുള്ള കോളനികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനുതകുന്ന രീതിയിലുള്ള പ്രവൃത്തികൾ പദ്ധതിയുടെ ഭാഗമാക്കി വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടില്ല. കോളനികളിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് അവ പരിഹരിക്കുന്നതിന് മതിയായ തുക വകയിരുത്തി സമഗ്രമായ പ്രോജക്ട് വച്ച് വാർഷികമായോ, ബഹുവർഷമായോ ഗ്രാമപഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്ട്

ആയി നടപ്പിലാക്കുന്നതിന് പകരം ഭാഗികമായ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുക വഴി സമഗ്ര വികസനം സാധ്യമാകുന്നില്ല.

സമഗ്ര പ്രോജക്ടുകളിൽ ഭാഗികമായി തുക വകയിരുത്തി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (15/20-21 തീയതി 11-3-22) മറുപടി നൽകിയിട്ടില്ല. കോളനികളുടെ വികസനത്തിനായി ഓഡിറ്റ് നിർദ്ദേശ പ്രകാരം പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കി അറിയിക്കേണ്ടതാണ്.

1-24 മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളിലെ ചട്ടം 172-ാം വകുപ്പിലെ 5-ാം ഉപവകുപ്പ് പ്രകാരം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽപ്പെടുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് താമരശ്ശേരി താലൂക്കിൽ ഉൾപ്പെട്ട ഡോക്യുമെന്റ് നമ്പർ 747/2000 *24*/2/2000 പ്രകാരം റിസർവ്വേ നമ്പർ 34/3, 78 ഉൾപ്പെട്ട 1 ഏക്കർ സ്ഥലത്ത് വനിതാവ്യവസായ പരിശീലന വിപണന കേന്ദ്രം നിർമ്മിച്ച് പ്രവർത്തിക്കുന്നതിനായി പല വർഷങ്ങളായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം നാളിതുവരെ പ്രവർത്തന സജ്ജമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഡോക്യുമെന്റ് നമ്പർ | റിസർവ്വേ നമ്പർ/ വില്ലേജ് | സ്ഥല വിസ്തീർണ്ണം |
|---|---|---|
| 747/2000 *24*/2/2000 | 78/ രാരോത്ത് | 70 സെന്റ് |
| 747/2000 *24*/2/2000 | 34/3/കെടാവൂർ | 10 സെന്റ് |
| 747/2000 *24*/2/2000 | 78/ രാരോത്ത് | 20 സെന്റ് |
| | | 100 സെന്റ് |

| പ്രോജക്ട് നം / വർഷം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 240/2013-14 | കൊടുവള്ളിബ്ലോക്ക് | 5,00,000 | 3,75,408 | വികസനഫണ്ട് |

| | | | | |
|---|---|---|---|---|
| സ്പിൽ ഓവർ | പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റ്സ്ഥലം നിരപ്പാക്കലും റോഡ് നിർമ്മാണവും | | | ജനറൽ |
| 290/13-14 | വനിതാവ്യവസായ പരിശീലന വിപണന കേന്ദ്രം താമരശ്ശേരി | 56,41,300 | 18,00,866 | വികസനഫണ്ട് ജനറൽ |
| 210/14-15 | വനിതാവ്യവസായ പരിശീലന വിപണന കേന്ദ്രം താമരശ്ശേരി | 29,67,369 | 29,67,369 | വികസനഫണ്ട് ജനറൽ |
| 234/14-15 | വനിതാവ്യവസായ എസ്റ്റേറ്റ് ട്രാൻസ്ഫർ ,ഇലക്ട്രിഫിക്കേഷൻ,കുഴൽ കിണർ നിർമ്മാണം | 12,00,000 | 35,76,50 | വികസന ഫണ്ട് ജനറൽ |
| 148/14-15 | വ്യവസായ എസ്റ്റേറ്റ് റോഡ് സൈഡ് കെട്ടൽ ചുറ്റുമതിൽ | 10,00,000 | 9,83,773 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| 13/15-16 | താമരശ്ശേരി വനിത വ്യവസായം 3- ഘട്ടം | 15,00,000 | 0 | വികസന ഫണ്ട് ജനറൽ |
| 140/15-16 സ്പിൽ ഓവർ | വനിതാവ്യവസായ എസ്റ്റേറ്റ് ട്രാൻസ്ഫർ , ഇലക്ട്രിഫിക്കേഷൻ, കുഴൽ കിണർ നിർമ്മാണം | 842350 | 0 | വികസന ഫണ്ട് ജനറൽ |
| 95/15-16 | വ്യവസായ എസ്റ്റേറ്റ് ഗേറ്റ് ചുറ്റുമതിൽ, മണ്ണ് നീക്കം ചെയ്യൽ | 10,00,000 | 0 | വികസന ഫണ്ട് ജനറൽ |
| 10/16-17 | താമരശ്ശേരി വനിത വ്യവസായം 3-ാം ഘട്ടം | 15,00,000 | 14,82,667 | വികസന ഫണ്ട് ജനറൽ |
| 78/16-17 | വ്യവസായ എസ്റ്റേറ്റ് ഗേറ്റ് ചുറ്റുമതിൽ, ശൗച്യാലയം നിർമ്മാണം | 16,54,300 | 0 | വികസന ഫണ്ട് ജനറൽ |
| 35/17-18 | താമരശ്ശേരി വനിതാ വ്യവസായം കേന്ദ്രം പൂർത്തീകരണം | 5,00,000 | 390816 | വികസന ഫണ്ട് ജനറൽ |
| 123/17-18 | വ്യവസായ എസ്റ്റേറ്റ് ഗേറ്റ് ചുറ്റുമതിൽ, ശൗച്യാലയം നിർമ്മാണം | 1654300 | 1639528 | വികസന ഫണ്ട് ജനറൽ |
| | | 1,99,59,619 | 99,98,077 | |

മിനി ഇൻസ്റ്റിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം നാളിതുവരെ മേൽ പദ്ധതികളുടെ അടിസ്ഥാനത്തിൽ 1,99,59,619/- വകയിരുത്തി 99,98,077/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഓഡിറ്റ് എൻക്വയറി 05/202021/ 07.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

09/03/2022 ൽ നടത്തിയ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ഓഫീസറോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 11 മുറികളുള്ള ഒരു വാണിജ്യ കെട്ടിടം നിലവിലുണ്ടെന്നും കൂടാതെ കെട്ടിടത്തോടനുബന്ധിച്ച് 2 ടോയിലറ്റുകളും, കെട്ടിടത്തിന് പുറത്തായി 2 ടോയിലറ്റുകൾ ഉൾപ്പെട്ട ഒരു

അനുബന്ധകെട്ടിടവും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ചുറ്റമതിൽ നിർമ്മിച്ചിട്ടുണ്ടെ ങ്കിലും, പുറക് വശത്ത് ചുറ്റമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ടിന്റെ ഉള്ളിലായി ഒരു കുഴൽ കിണർ നിർമ്മാണവും നടത്തിയിട്ടുണ്ട് എന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി നൽകിയ വിശദീകരണത്തിലും, ലഭ്യമാക്കിയ ഫയൽ പ്രകാരവും 16.10.2020 ലെ സി 2181/2018 പ്രകാരം റൂം വാടക നിശ്ചയിക്കുന്നതിനായി ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി , താമരശ്ശേരി താലൂക്ക് ഓഫീസ്, തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിൽ 247/D, E, F,G,H,J, K, L, M, N, O, എന്നി നമ്പറുകൾ ലഭ്യമാക്കിയിട്ടുണ്ട് .

എന്നാൽ മിനി ഇൻസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി നിർമ്മിച്ച സ്ഥാപനം വ്യവസായ യൂണിറ്റുകളുടെ ഉപയോഗക്രമത്തിന് അനുസരിച്ച കെട്ടിട നിർമ്മാണം പ്ലാനോ, നിർമ്മാണം പ്രവൃത്തിയോ അല്ല സൈറ്റിൽ നടത്തിയിട്ടുള്ളത്. 99,98,077/- രൂപ ചെലവഴിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടും നാളിതുവരെ പ്രസ്തുത സ്ഥാപനം പ്രവർത്തനം ആരംഭിക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതും കൂടാതെ സ്ഥാപനം പ്രവർത്തന സജ്ജമാക്കുന്നതിന് ഭരണസമിതിയും, സെക്രട്ടറിയും , ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് ഓഫീസറും ശ്രദ്ധിക്കേണ്ടതാണ്.

## 1- 25 സൂപ്പർ എം.ആർ.എഫ്- പ്രവർത്തനക്ഷമമല്ല.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച ബ്ലോക്ക് തല സൂപ്പർ എം.ആർ എഫിന് ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം വിവിധ വർഷങ്ങളിലായി താഴെ കൊടുത്തിരിക്കും വിധം തുക ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/വർഷം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 166/17-18 | ബ്ലോക്ക് എം.ആർ.എഫ് യന്ത്ര സാമഗ്രികൾ. | 992000 | 982943 |
| 2 | 184/17-18 | ബ്ലോക്ക് എം.ആർ.എഫ് ഇലക്ട്രിഫിക്കേഷൻ പൂർത്തീകരണം. | 95000 | ചെലവില്ല. |
| 3 | 163/17-18 | ബ്ലോക്ക് എം.ആർ.എഫ് ഫെസിലിറ്റി സെന്റർ | 2700000 | 1570000 |
| 4 | 169/17-18 | ബ്ലോക്ക് എം.ആർ.എഫ്. കുഴൽകിണർ | 104000 | ചെലവില്ല. |
| 5 | 197/18-19 | സൂപ്പർ എം.ആർ.എഫ്. പൂർത്തീകരണം | 1000000 | 882279 |
| 6 | 217/18-19 | സൂപ്പർ എം.ആർ.എഫ്. അനുബന്ധ പ്രവൃത്തികൾ | 50000 | ചെലവില്ല. |
| 7 | 132/18-19 | സൂപ്പർ എം.ആർ.എഫ്. തിരുവമ്പാടി -തുടർ പ്രവർത്തനം | 1130000 | 958083 |
| 8 | 75/20-21 | സൂപ്പർ എം.ആർ.എഫ്. തിരുവമ്പാടി -തുടർ പ്രവർത്തനം | 1000000 | ചെലവില്ല. |
| 9 | 159/20-21 | ബ്ലോക്ക് എം.ആർ.എഫ്. അടിസ്ഥാന സൗകര്യ വികസനം | 1500000 | 1334034 |

| | | | | |
|---|---|---|---|---|
| 10 | 127/22 | സൂപ്പർ എം.ആർ.എഫ്. തിരുവമ്പാടി -തുടർ പ്രവർത്തനം | 1000000 | 351010 |
| | | | 9571000 | 5762349 |

ലഭ്യമാക്കിയ വിവരമനുസരിച്ച് 5762349 രൂപ ഇതുവരെയായി എം.ആർ.എഫിനു വേണ്ടി ചെലവഴിച്ചിട്ടുണ്ട്. 1-8-2020 ന് ബഹു തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.ടി.പി.രാമകൃഷ്ണൻ സൂപ്പർ എം.ആർ.എഫ് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഇതിനു ശേഷം 2020-21 വർഷം ക്രമ നമ്പർ 9 പ്രോജക്ട് പ്രകാരം 1334034(ബിൽ നമ്പർ 36/11-4-20) രൂപ ഉപയോഗിച്ച് മുറ്റത്ത് ഷീറ്റിടുകയും ഇന്റർലോക്ക് പതിക്കുകയും ചുറ്റുമതിലിന്റെ കുറച്ചു ഭാഗം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 5000 ലിറ്റർ കപ്പാസിറ്റിയുള്ള 3 OH വാട്ടർ ടാങ്കും സ്ഥാപിച്ചിട്ടുണ്ട്. 2021-22 വർഷം 127/22 സ്പിൽ ഓവർ പ്രോജക്ട് മുഖേന 351010 രൂപ ഉപയോഗിച്ച് ചുറ്റുമതിലിന്റെ കുറച്ച് ഭാഗം കൂടി പൂർത്തീകരിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി സ്ഥലം സന്ദർശിച്ചപ്പോൾ നിലവിൽ എം.ആർ.എഫ് പ്രവർത്തനക്ഷമമല്ല എന്നു കണ്ടു. ബ്ലോക്ക് പഞ്ചായത്ത് ക്രമ നമ്പർ 1 പ്രോജക്ട് പ്രകാരം സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യൂണിറ്റ്, ബെയിലിങ്ങ് യന്ത്രം എന്നിവ പ്രവർത്തിപ്പിക്കാതെ തുരുമ്പെടുക്കുന്ന അവസ്ഥയിലാണ്. മാലിന്യ സംസ്കരണ കേന്ദ്രത്തിൽ 3 ഓവർ ഹെഡ് വാട്ടർ ടാങ്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജലലഭ്യത ഇല്ല. സംസ്കരണ കേന്ദ്രത്തിനു പിറകിലായുള്ള ബാത്ത്റൂമുകളുടെ ഡോറും ക്ലോസറ്റും ഉൾപ്പെടെ പൊട്ടിക്കിടക്കുന്ന അവസ്ഥയിലാണുള്ളത്. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം പ്രസ്തുത ആവശ്യത്തിനായി വിനിയോഗിക്കാ ത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (20/21-22 തീയ്യതി 11-3-22) മറുപടി നൽകിയിട്ടില്ല. നിലവിൽ 2021 ഒക്ടോബർ മാസം 18ാം തീയ്യതി ക്ളീൻ കേരള കമ്പനിയുമായി എം.ആർ.എഫിന്റെ പ്രവർത്തന പരിപാലനത്തിനായി കരാർ വച്ചതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എം.ആർ.എഫ് പ്രവർത്തിക്കുന്നതിനാ വശ്യമായ നടപടികൾ സ്വീകരിച്ച് കൊടുവള്ളി ബ്ലോക്കിന്റെ പരിധിയിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലേയും ജൈവ – അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുതകുന്ന രീതി യിലുള്ള മാലിന്യ സംസ്കരണ കേന്ദ്രമായി എം.ആർ.എഫിനെ പരിവർത്തനപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 1-26 പദ്ധതികളുടെ തുടർമോണിറ്ററിംഗ് ഫലപ്രദമല്ല. ആസ്തികൾ നിഷ്ക്രിയമായി തുടരുന്നു

പ്രോജക്ട്നം 203/21(SO)

പ്രോജക്ടിന്റെ പേര്- വയോജനങ്ങൾക്ക് പകൽവീട്

അടങ്കൽ -2200000

ഫണ്ട് -വികസന ഫണ്ട് ഗ്രാമപഞ്ചായത്ത് വിഹിതം

ചെലവ് - 2167000

ബിൽനം -3/28.7.20 /1200000

ചെക്ക് നം -3829278/20.1.21/967000

വയോജനങ്ങൾക്ക് പകൽവീട് എന്ന പ്രോജക്ടിന്റെ ഭാഗമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 20-21 ൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പുതുപ്പാടി പഞ്ചായത്തുമായി ചേർന്നുള്ള സംയുക്ത പ്രോജക്ടായാണ് പദ്ധതി നടപ്പിലാക്കിയത്. 2200000 രൂപ എസ്റ്റിമേറ്റ് തുക വകയിരുത്തിയതിൽ 1200000 രൂപ ബ്ളോക്ക് പഞ്ചായത്തും ,1000000 രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തിയത്.

പുതുപ്പാടി ഗ്രാമപഞ്ചായത്ത് കൈതപ്പൊയിൽ എന്ന സ്ഥലത്താണ് പ്രസ്തുത സ്ഥാപനം സ്ഥിതിചെയ്യുന്നത്. എം .ബുക്ക് 108,110 /19-20 എന്നിവ പ്രകാരം ശ്രീ.സി.ജെ മത്തായി എന്ന കരാറുകാരൻ 8.10.20 പണി പൂർത്തിയാക്കിയിട്ടുണ്ട്. 10.3.22 ന് പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ നിന്നും ഇത് ഇപ്പോഴും പ്രവർത്തനക്ഷമമല്ല. കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേ ഷൻ, വാട്ടർകണക്ഷൻ , ഫർണ്ണിച്ചർ

എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. സ.ഉ.(കൈ).നം.11/2018/L.S.G.D Dtd29.1.8 ഖ.3.5.4 (5) പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും കരാർ ഉടമ്പടിയുടെ വിശദാംശങ്ങൾ ഇല്ല. പകൽവീടിനുള്ള കെട്ടിടം പൂർത്തിയായിട്ടും അത് നിഷ്ക്രിയ ആസ്തിയായി തുടരാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

### 1-27 ഇ ടെണ്ടർ ഫീ - ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

വാർഷിക കണക്കുകൾ, ഇ-ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ - ടെണ്ടർ നടപടികളുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില (ടെണ്ടർ ഫീ) ലഭിച്ചതായി കാണുന്നില്ല. നാളിതുവരെ എത്ര പ്രവൃത്തികളുടെ ടെണ്ടർ ഇത്തരത്തിൽ നടത്തിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തിയിലും ടെണ്ടർ ഫീ എത്രയുണ്ടെന്നത് സംബന്ധിച്ചും ഈയിനത്തിൽ ഇതുവരെ അടവാക്കിയ തുകയുടെ വിവരങ്ങളും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. കൊടുവള്ളിയിലുള്ള 37466529724 നമ്പർ അക്കൗണ്ടിൽ 06.03.2022 തീയതിയിൽ 3,18,407/-രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകകൾ ഏതെല്ലാം ഇനങ്ങളിലുള്ളതാണെന്ന് പരിശോധിച്ച് ഇ - ടെണ്ടർ ഫീ പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം പരിശോധനക്ക് ഹാജരാക്കേണ്ടതും വരവ് തുകകൾ യഥാസമയം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാ ണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഇതുവരെ അടവാക്കിയ തുകയുടെ വിവരങ്ങളും ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് അടവാക്കിയ 3,00,000/-രൂപയുടെ രശീതിയും ( 121110500005/10.03.22) ഹാജരാക്കിയിട്ടുണ്ട്.

ഭാവിയിൽ ടെണ്ടർ ഫീ വരവുകൾ അതാതുമാസം തന്നെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാൻ ശ്രദ്ധിക്കേണ്ടതും ടെണ്ടർഫീ വരവിന്റെയും അടവിന്റെയും വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ വെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.

ജി.ഒ. (പി)13/2012/പി.ഡബ്ല്യു.ഡി/1.2.12 പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞാൽ പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് ബിൽ,ചെലവുതുക | സെലക്ഷൻ നോട്ടീസ് തിയതി | പിഎസിയുടെ 1% ഫൈൻ തുക(മിനിമം |
|---|---|---|---|

| | | | |
|---|---|---|---|
| | | | 1000/-) |
| 1. | അത്തിപ്പാറ കുടിവെള്ള പദ്ധതി 166/21<br>2144/11.01.21-430917/-<br>1692/6.5.20-654544/-<br>2179/25.11.19--414528/- | 12.02.19 | 13194/- |
| 2 | പെഴതിങ്കൾപടി കോളനി സമഗ്രവികസനം183/21<br>31/28.9.20-907060/- | 19.03.20 | 8099/- |
| 3 | കാഞ്ഞിരക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം143/21<br>33/11.4.20---491360/- | 6.12.19 | 4387/- |
| | | ആകെ | 25680/- |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് ( 14/20-21 തിയ്യതി 11.03.22)മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ നഷ്ടംവന്ന 25680/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല

കൊടുവള്ളി ബ്ലോക്കിൽ 20-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനെതിരെ നടപടി സ്വീകരിക്കുകയോ നിയമാനുസൃതം പിഴ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രിമെന്റ് നമ്പർ, തീയതി. | ടി.എസ്. പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ് സൈറ്റ് കൈമാറിയ തീയതി | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീകരണം വൈകിയ കാലയളവ് ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാനത്തിൽ | പിഴ (രൂ) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 205/21<br>പുല്ലങ്കോട്ടുമല SCകോളനി അങ്കണവാടികെട്ടിടനിർമ്മാണം-ഓമശ്ശേരി | 1176171/-(SCP)<br>Bill No.<br>5/27.5.20 | മാളിയേക്കൽ കോയ<br>AE/54/18-19<br>Dt.7.1.19 | 6 മാസം<br>7.01.19 | 14.11.19 | 4 മാസം<br>1191154x<br>3% | 35734/- |
| 2 | 220/21<br>കൈതപ്പൊയിൽ രണ്ടാംകൈ അങ്കണവാടി കെട്ടിടനിർമ്മാണം | 1305885/-(വി.ഫ-പൊതു.)<br>Bill No.<br>(3/27.5.20-872582/-)<br>(1490/30.1.19-433303/-) | ജിതിൻ ജോർജ്<br>AE/20/18-19<br>Dt.14.9.18 | 6 മാസം<br>15.9.18 | 2.9.19 | 5മാസം<br>1333302x<br>3% | 39999/- |
| | | | | | | Total | 75733/- |

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലും കൂടുതലാണ്. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തീയതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തിയിൽ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/20-21 തീയതി 11.03.22)മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക 75733/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | | |
| 2020 – 21 | 2020 – 21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മറ്റ് ഗ്രാമ പഞ്ചായത്ത് | 2020-21 | 505233 | പി.എം.എ വൈ ഭവനപദ്ധതി (പൊതുവിഭാഗം) | 505233 | |
| | 2020-21 | 90000 | പി.എം.എ വൈ ഭവനപദ്ധതി (പട്ടികജാതി വിഭാഗം) | 90000 | |
| | 2020-21 | 100000 | മുക്കാളിത്താഴം തച്ചനളിതാഴം റോഡ് നവീകരണം | 100000 | |
| | 2020-21 | 695233 | | 695233 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2940000 | പി.എം.എ വൈ ഭവനപദ്ധതി | 2940000 | |
| | ആകെ | 2940000 | | 2940000 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കോടഞ്ചേരി സി.എച്ച്.സി 3 ഫേസ് കണക്ഷൻ | 34/15-1-21 | 1,22,869 | വിനിയോഗ വിവരം ലഭ്യമല്ല | 1,22,869 |
| കെ.എസ്.ഇ.ബി | വയനാടൻകുന്ന് കുടിവെള്ള | 88/ 16-6-20 | 82,429 | വിനിയോഗ വിവരം | 82,429 |

| | | | | | |
|---|---|---|---|---|---|
| | പദ്ധതി വൈദ്യുതീകരണം | | | ലഭ്യമല്ല | |
| കെ.ഡബ്ല്യൂ.എ | കുന്നമ്മൽ മണ്ണിൽക്കടവ് കുടിവെള്ള പദ്ധതി | 21/28-9-20 | 6,00,000 | വിനിയോഗ വിവരം ലഭ്യമല്ല | 6,00,000 |
| കെ.ഡബ്ല്യൂ.എ | അടുക്കമല കോളനി കുടിവെള്ള പദ്ധതി | 34/15-1-21 | 1,02,251 | വിനിയോഗ വിവരം ലഭ്യമല്ല | 1,02,251 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ/ചെക്ക് നംമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| -ഇല്ല- | | | | | |

## 4-5 വായ്പ-വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ. വൈ ഭവന പദ്ധതി | സ.ഉ(എം.എസ്)90/13/ത.സ്വ.ഭ.വ/ 14.03.2013 | 82,94,872 (മുതൽ) | മുതൽ അടയ്ക്കേണ്ടത് സർക്കാരിന്റെ ബാധ്യതയാണ്. വർഷാരംഭത്തിൽ അടയ്ക്കേണ്ട മുതലും പലിശയും 1,46,80,102 | - | 3,73,928 ബ്ലോക്ക് പഞ്ചായത്ത് വിഹിതം – പലിശ | 1,46,80,102 |

കുറിപ്പ് – കാരശ്ശേരി സർവീസ് സഹകരണ ബാങ്ക് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 5/08/2020 തീയതി വരെയുള്ള വിവരമാണ് ഉൾപ്പെടുത്തിയത്. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വിശദ വിവരം വാർഷിക കണക്ക് അപാകതകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡികനമ്പർ | തുക | രശീത് നമ്പർ/തീയതി |
|---|---|---|---|
| -ഇല്ല - | | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികക ളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999 | 3(44) | പ്രൊജക്ടിന്റെ പേരിൽ അനധികൃത ചെലവുകൾ നടത്തി | പഠനയാത്രയുടെ വിശദാംശങ്ങളും നിർവഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ലഭ്യമാക്കണം |
| | | 1999 -00 | 4/58(എ) | നടുക്കുന്ന് ശുദ്ധജലവിതരണം | ശ്രീ.കെ.കെ. അച്യുതനിൽ നിന്നും ആർ.ആർ നടപടികളിലൂടെ തുക ഈടാക്കണം |
| | | 1999 -00 | 4/58(ഡി) | ഇൻഡസ്ട്രിയൽ ലൈസൻസ് & മോണിറ്ററിംഗ് സെന്റർ | ടി |

| | | | | | |
|---|---|---|---|---|---|
| 2000-01 | | 2003-04 | 4.13 | ഇടിവെട്ട്മല മണ്ണ് സംരക്ഷണ പദ്ധതി, മക്രം റോഡ് ആർ.സി ബി നിർമ്മാണം | |
| 2003-04 | 3-21 | 2005-06 | 2.67(2) | എസ്.ജി.ആർ.വൈ റോഡ്- അധിക ഭക്ഷ്യധാന്യം | സമിതിയുടെ ശുപാർശ പ്രകാരം KSA KKD/S1/ 1065(1)/19 തീയതി 16.09.2019 പ്രകാരം സർക്കാർ ഉത്തരവ് ഹാജരാക്കുവാൻ സ്ഥാപന ത്തിന് കത്ത് നൽകി |
| 2003-04 | 3-30 | 2005-06 | 2.67(5) | ചുമതലയിൽപ്പെടാത്ത പദ്ധതിക്ക് ആനുകൂല്യം | സമിതിയുടെ ശുപാർശ പ്രകാരം KSA KKD/S1/ 1065(1) /19 തീയതി 16.09.2019 പ്രകാരം സർക്കാർ ഉത്തരവ് ഹാജരാക്കുവാൻ സ്ഥാപന ത്തിന് കത്ത് നൽകി |
| 2003-04 | 3-07 | 2005-06 | 70(3)(4) | പരിശീലനം പൂർത്തിയാക്കിയതിന് രേഖയില്ല. മോണിറ്ററിങ്ങ് റിപ്പോർട്ടില്ല. | സമിതിയുടെ ശുപാർശ പ്രകാരം KSA KKD/S1/1065(1) /19 തീയതി 16.09.2019 പ്രകാരം സർക്കാർ ഉത്തരവ് ഹാജരാക്കുവാൻ സ്ഥാപനത്തി |

| | | | | | |
|---|---|---|---|---|---|
| | | | | | ന് കത്ത് നൽകി |
| 2003-04 | 3-08 | 2005-06 | 70(3)(4) | പരിശീലനം – അപാകത | സമിതിയുടെ ശുപാർശ പ്രകാരം KSA KKD/S1/1065(1) /19 തീയതി 16.09.2019 പ്രകാരം സർക്കാർ ഉത്തരവ് ഹാജരാക്കുവാൻ സ്ഥാപന ത്തിന് കത്ത് നൽകി |
| 2004-05 | 3-1 | 2006-07 | 3.79.14.2 | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ | നൽകിയ തുക തിരികെ ഈടാക്കണം |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജലവിതരണം – പൂർത്തിയാക്കിയില്ല | തുടർ നടപടി അറിയിക്കാൻ ശുപാർശ |
| 2015-16 | 3-14 | 2016-17 | 4.6.8.i 68 | ഹാഡാ പദ്ധതി | |
| 2015-16 | 3-1 | 2016-17 | 5.1.5. 86 | റോഡ് പ്രവൃത്തി അധികം ചെലവ് ചെയ്തു | |
| 2015-16 | 3-30 | 2016-17 | 7 (ബി) 97 | സൗരോർജ്ജ പദ്ധതി അനർട്ടിൽ തുക നിക്ഷേപിച്ചു | |
| 2017-18 | 3-1 | 2018-19 | | കെട്ടിടം പൂർണമാകാതെ MRF യൂണിറ്റിന് യന്ത്രം വാങ്ങി | |

4-9 ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയുടെ പേര് | തുക | തുക അടവാക്കിയതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|
| (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക<br>-ഇല്ല-<br>(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>LF 28388/spl.cell /SC4/99/31.07.02 നമ്പർ സർചാർജ്ജ് | | | | | |

| |
|---|
| സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ. കെ.കെ. തോമസിന്റെ പേരിൽ 1995-96 മുതൽ 1997-98 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 27a,b പ്രകാരം 6684/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു. |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 131487982 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 140308735 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,01,413 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 51,95,709 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | പേര് ഉദ്യോഗ പേര് |
|---|---|---|
| 3-1 | 13194 | ശ്രീമതി ഐശ്വര്യ പി - അസിസ്റ്റന്റ് എഞ്ചിനീയർ |
| | 8099 | ശ്രീമതി ജീന കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| | 4387 | ശ്രീമതി ഐശ്വര്യ പി - അസിസ്റ്റന്റ് എഞ്ചിനീയർ |
| | 25,680 | |
| 3-2 | 75,733 | ശ്രീമതി ഐശ്വര്യ പി - അസിസ്റ്റന്റ് എഞ്ചിനീയർ |
| | 1,01,413 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1 - 11 | 10,00,000 | ശ്രീ. ബിജിൻ പി ജേക്കബ്ബ്, സെക്രട്ടറി |
| 1 - 12 | 12,48,874 | ശ്രീമതി അനിത ദേവ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 1 - 13 | 430917 | ശ്രീമതി അനിത ദേവ് അസിസ്റ്റന്റ് എഞ്ചിനീയർ |
| | 654544 | ശ്രീമതി ഐശ്വര്യ പി - അസിസ്റ്റന്റ് എഞ്ചിനീയർ |
| | 10,85,461 | |
| 1 - 14 | 9,07,549 | ശ്രീ. ബിജിൻ പി ജേക്കബ്ബ്, |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1 - 15 | 1,66,014 | ശ്രീമതി ജീന കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| 1 - 16 | 2,26,390 | ശ്രീ. ബിജിൻ പി ജേക്കബ്ബ്, സെക്രട്ടറി |
| 1 - 17 | 337999 | ശ്രീമതി ജീന കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| | 66084 | ശ്രീമതി അനിതദേവ് അസിസ്റ്റന്റ് എഞ്ചിനീയർ |
| | 404083 | |
| 1-19 | 1,34,567 | ഡോ .കേശവനുണ്ണി - മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി |
| 1-22 | 22,771 | ശ്രീ ഷൈലേഷ് -സി.ഡി.പി.ഒ - കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് |
| | 51,95,709 | |

(സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നനഷ്ടത്തിന് - തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗ പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഐശ്വര്യ പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്ത്, കൊടുവള്ളി | ചന്ദ്രോദയം ഹൗസ്, കോട്ടൂളി, കോഴിക്കോട് |
| ശ്രീ. ബിജിൻ പി ജേക്കബ്ബ്, സെക്രട്ടറി | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കൊടുവള്ളി | പൊന്നാമ്പൽ, ടോബിൻ വില്ല, പാറോപ്പടി, മേരിക്കുന്ന്, കോഴിക്കോട് |
| ഡോ. | മെഡിക്കൽ | പ്രണവം, |

| | | |
|---|---|---|
| കേശവനുണ്ണി, മെഡിക്കൽ ഓഫീസർ, താമരശ്ശേരി താലൂക്ക് ഹോസ്പിറ്റൽ | ഓഫീസർ, താമരശ്ശേരി താലൂക്ക് ഹോസ്പിറ്റൽ | ഓർക്കിഡ് ഹിൽ, ചുങ്കം താമരശ്ശേരി |
| ശ്രീമതി ജീന കെ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കിഴക്കോത്ത് | ജയനിവാസ് പെരുന്താറ്റിൽ |
| ശ്രീ ഷൈലേഷ് - സി.ഡി.പി.ഒ -കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | സി.ഡി.പി.ഒ – കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | ഇരീപ്രമലയിൽ വെള്ളലശ്ശേരി കോഴിക്കോട് |
| ശ്രീമതി അനിതുദേവ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ – കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | മമ്മളി പുറായിൽ ഹൗസ് വള്ളിക്കുന്ന് , പന്തീരങ്കാവ് |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | പരാമർശങ്ങൾ |
|---|---|---|---|
| 1995-96, 1997-98, | എ ൽ.എഫ് .കെ.കെ.ഡി. പി.7-2262/16/ 19.05.17 | 3 | 27, 34, 41<br>Car -41 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി.7-2263/16/ 19.05.17 | 3 | 27, 29, 30 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി.7-2264/16/ 19.05.17 | 5 | 33, 42(3), 43, 44, 45 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(2)/ 14.12.12 | 13 | 20,21,22,23,24, 25,26,27,29,32, 35,36,37 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(3)/ 14.12.12 | 13 | 4,5,6,7,9,10,12,17, 18,19,24,25,26 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി.3-1910/1129.12.11 | 7 | 5,7(7),8,10,11,12,13(a,b) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.7-1915/11(1)/ 19.06.13 | 26 | 3-1,3-2,3-5,3-6,3-7, 3-8,3-11,3-12,3-13,3-14, 3-16,3-17,3-18,3-19, 3-20,3-21,3-22,3-23, 3-25,3-26,3-27 3-28,3-30,3-32, |

| | | | |
|---|---|---|---|
| | | | 3-33,3-35,car -3-6, 3-7,3-8,3-11,3-18, 3-25 3-21,3-30,3-35 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.7-1911/11(1)/ 10.06.13 | 11 | 3-1,3-4,3-5,3-6,3-8, 3-9,3-10,3-13,3-14, 3-19,3-20car3-1,3-4, 3-6,3-13,3-14 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.7-1657/09(5)/ 14.06.13 | 11 | 3-1,3-3,3-5,3-7,3-8, 3-9,3-103-11,3-13, 3-14,3-15 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(4)/ 14.12.12 | 14 | 3-1,3-5,3-6,3-7,3-8, 3-9,3-13,3-14,3-15, 3-19,3-203-23,3-24, 3-25 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.7-1814/09/ 16.02.12 | 8 | 1,2,3-1,3-2,3-3,3-4, 3-6,3-7,4-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.7- 489/13/01.06.13 | 10 | 2-1,3-1,3-2,3-3,3-4, 3-5,3-6,3-7,3-9,3-10 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.7- 488/13/29.05.13 | 13 | 2-1,2-2,3-2,3-3,3-5, 3-7,3-8,3-9,3-10,3-11, 3-12,3-13,3-14 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.1192/14/പി.7- 11.03.2015 | 9 | 2-1,3-1,3-3(1,2),3-5, 3-7,3-9,3-10,3-11 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.7- 768/15/ 20.07.15 | 14 | 2-1(1,2,4,),2-2,3-1, 3-2,3-3,3-6,3-7, 3-8,3-10,3-11(1,2),4-1 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി.7- 723/17/ 05.05.2017 | 20 | 2-1, 2-2, 3-2, 3-3, 3-4, 3-5, 3-6, 3-7,3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15,3-16. 3-17,3-18,3-20 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി.7- 441/17/11.07.2017 | 25 | 2-1, 2-3, 2-4,, 3-5,3-7,3-8,3-9,3-12, 3-13,3-14,3-15,3-16,3-17, 3-18,3-19, 3-20,3-21, 3-23,3-24, 3-25,3-26,3-27,3-30, 3-31,3-33 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി.7- 2069/18/ 18-12-19 | 11 | 2-1, 2-2, 2-4, 3-3, 3-5, 3-7, 3-10, 3-11, 3-12, 3-13, 4-4 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി.7- 185/2019/ 04.11.2019 | 14 | 1-11,3-1,3-2,3-3, 3-4,3-5,3-6,3-7, 3-10,3-11,3-12, 3-14,3-15,3-16 |

| | | | |
|---|---|---|---|
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി.11-968/20/ 02.11.2020 | 19 | 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13 ,1-14, 1-15, 1-18, 1-20, 1-21, 1-22, 1-23, 1-24, 1-25, 3-1, 3-2, 4-12 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്